വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഇടപ്പള്ളി ചങ്ങമ്പുഴ സ്മാരക ഗ്രന്ഥശാലയ്ക്ക് കെട്ടിടം പണിയുന്നതിന് ഗ്രാൻറ് നൽകണമെന്ന് പറഞ്ഞുകൊണ്ടുള്ള ഗ്രന്ഥശാലാ സെക്രട്ടറിയുടെ അപേക്ഷ ഗവൺമെൻറിലേക്ക് കിട്ടുകയുണ്ടായി. ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഗ്രന്ഥശാലകളും ഗ്രന്ഥശാലാസംഘം വഴി അപേക്ഷിക്കണമെന്നാണ് വ്യവസ്ഥ. അത് അങ്ങോട്ട് അയച്ചു കൊടുത്തപ്പോഴാ ഡിഫക്ടീവ് ആയിട്ടുള്ള ആപ്ലിക്കേഷനായിരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അത് റെക്ടിഫൈ ചെയ്ത് ഈയടുത്ത കാലത്ത് കിട്ടിയിട്ടുണ്ട്. 1970-ലാണ് ഈ ഗ്രന്ഥശാലയ്ക്ക് ഗ്രാൻറ് അനുവദിച്ചത്. അതിനുശേഷം നേരത്തെ ഉണ്ടായിരുന്ന നിയമമനുസരിച്ച് എക്സ്റ്റൻഷൻ വർക്കുകൾക്ക് ഗ്രന്ഥശാലാസംഘത്തിൽനിന്നും ഗ്രാൻറ് കൊടുക്കാൻ പാടില്ലായിരുന്നു. അതു മാറ്റിക്കൊണ്ട് 14-5-1986-ൽ എക്സ്റ്റൻഷൻ വർക്കുകൾക്ക് ഗ്രാൻറ് കൊടുക്കാമെന്ന് ഗവൺമെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അവരുടെ ഡിഫക്ടീവ് ആയിട്ടുള്ള അപേക്ഷ കറക്ട് ചെയ്ത് കിട്ടിയിട്ടുണ്ട്. അതിപ്പോൾ ഗ്രന്ഥശാലാ സംഘത്തിന്റെ പരിഗണനയിലാണ്. അടിയന്തിരമായി അതിൻമേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള കാലതാമസം

ശ്രീ. ഇ. കെ. നായനാർ : സർ, ഞാൻ ഇത് ഇവിടെ ഉന്നയിക്കാൻ കാരണം കഴിഞ്ഞതവണ ഒരു ചോദ്യത്തിന്റെ ഉപചോദ്യമായിട്ടാണ് ഇത് ചോദിച്ചത്. ബഹുമാനപ്പെട്ട നമ്മുടെ പഞ്ചായത്തു വകുപ്പുമന്ത്രിയുടെ മറുപടിയിൽ നിന്നും ഇലക്ഷൻ നടത്താനുള്ള യാതൊരു ഒരുക്കങ്ങളും ചെയ്യുന്നില്ലെന്നാണ് എനിക്ക് മനസ്സിലായത്. അദ്ദേഹം പിന്നെ എന്ത് അർത്ഥത്തിലാണ് ഇത് പറഞ്ഞതെന്ന് എനിക്കറിയില്ല. സംസ്ഥാനത്തെ 1001 പഞ്ചായത്തുകളിൽ 927 പഞ്ചായത്തു കമ്മിറ്റികളുടെ കാലാവധി 1984 സെപ്റ്റംബർ 30-ന് അവസാനിച്ചു. ഒരു പഞ്ചായത്തിന്റെ കാലാവധി 1985 ആഗസ്റ്റ് 7-ാം തീയതിയും 48 പഞ്ചായത്തു കമ്മിറ്റികളുടെ കാലാവധി 1985 സെപ്റ്റംബർ 30-നും അവസാനിച്ചു. ബാക്കി 25 പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. ഇങ്ങനെ സംസ്ഥാനത്തെ 1001 പഞ്ചായത്തുകളിലും രണ്ടുവർഷത്തിലേറെയായി ജനകീയ ഭരണസമിതികളില്ല. ഉദ്യോഗസ്ഥൻമാരുടെ ഭരണമാണു നടക്കുന്നത്. പഞ്ചായത്തുകൾ നിർജീവമായി കിടക്കുകയാണ്. വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടക്കുന്നതുമില്ല. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ അതായത് 1986 ജൂൺ 23-ാം തീയതി സഭയിൽ രണ്ടാം നമ്പർ ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഇങ്ങനെയാണ്. പഞ്ചായത്തുതെരഞ്ഞെടുപ്പിനുവേണ്ടി 1981-ലെ കാനേഷ്മാരി കണക്കനുസരിച്ച് പഞ്ചായത്തുകളിലെ അംഗസംഖ്യ നിർണ്ണയിക്കുകയും അതിൻപ്രകാരം പഞ്ചായത്തുകളിലെ വാർഡ് വിഭജനം നടത്തിയിട്ടുള്ളതുമാണ്. 1985 ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായവരെ ഉൾക്കൊള്ളിച്ച വോട്ടർ പട്ടിക 1985 ഏപ്രിൽ 15-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1985 ഏപ്രിൽ 20-ന് പഞ്ചായത്തുകളിലെ പോളിംഗ് സ്റ്റേഷനുകൾ നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം നടത്തിയിട്ടുണ്ട്. 1986 ജനുവരി ഒന്നിന് 18 വയസ്സ് തികഞ്ഞവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സപ്ലിമെൻററി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി വരണാധികാരികൾ, അസിസ്റ്റൻറ് വരണാധികാരികൾ എന്നിവരെ തെരഞ്ഞെടുപ്പ് അധികാരികൂടിയായ ജില്ലാ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസർമാർ നിയമിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് ആവശ്യത്തിന് ഫോറങ്ങളും മറ്റും അച്ചടിച്ച് പഞ്ചായത്ത് ഓഫീസർമാർക്ക് അയച്ചുകൊടുത്തുവരുന്നുവെന്ന് കഴിഞ്ഞ ജൂണിൽ മന്ത്രി പ്രസ്താവിച്ചതാണ്. തെരഞ്ഞെടുപ്പിന്റെ ഇത്രയും പ്രക്രിയ പൂർത്തിയായെങ്കിൽപിന്നെ തെരഞ്ഞെടുപ്പു നടത്താൻ സർക്കാർ മടിക്കുന്നതെന്തിനാണ്? തെരഞ്ഞെടുപ്പു നടക്കാത്ത പഞ്ചായത്തുകളിൽ അത് ഉടനടി നടത്തണമെന്ന് ഒരുവർഷം മുമ്പുതന്നെ പ്രധാനമന്ത്രി രാജീവ്ഗാന്ധി എല്ലാ മുഖ്യമന്ത്രിമാർക്കും എഴുതിയിരുന്നു. ഞാൻ അത് ശ്രീ. രാജീവ്ഗാന്ധിയുടെതന്നെ വാചകത്തിൽ പറയാം. രാജീവ്ഗാന്ധി പഞ്ചായത്തു പരിഷത്തിന്റെ ഡൽഹിയിൽവച്ചു നടന്ന സമ്മേളനത്തിൽ പറഞ്ഞ അദ്ദേഹത്തിന്റെതന്നെ വാചകം പ്രസിദ്ധപ്പെടുത്തിയത് സെപ്റ്റംബർ21-ാം തീയതിയിലെ 'ഇൻഡ്യൻ എക്സ്പ്രസ്' പത്രമാണ്. അത് ഇപ്രകാരമാണ് :

"What we need is democratically elected Panchayats" He said and noted that a year ago he had written to all Chief Ministers asking them to hold elections to village Panchayats where they were not held. Some had taken action and there had been elections. "Unfortunately most has still not to taken action. We are still waiting for their action", he said and hopped they would not delay the elections any futrher.

"There is nothing to be afraid of", Mr. Rajeev Gandhi said and admitted some of our (Congress-I) Chief Ministers were afraid to hold elections. He asked them to allow the democratic process to go on at the grass-root level which alone would give them strength.

He said that only an elected body at the grass-root level could be responsive to problems the people and only an elected Panchayat can have strength to raise resources and train the manpower." ഇതാണ് അദ്ദേഹത്തിന്റെ പ്രസംഗം. ഈ പ്രസംഗവും ഇവിടെ നടന്ന ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ പ്രസംഗവും അതിന് മുഖ്യമന്ത്രി മിണ്ടാതിരിക്കുകയും ഒരു കൊല്ലം മുമ്പേ ഒരു കത്ത് എഴുതിയെന്നു പറയുകയുമൊക്കെയാണ് ഇവിടെ ഇപ്പോൾ നടക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞദിവസം ഇവിടെ പറഞ്ഞത് അങ്ങനെ ഒരു കത്ത് . എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടേയില്ലെന്നാണ്. ശ്രീ. രാജീവ്ഗാന്ധിയുടെ പ്രസംഗം ഞാൻ വായിച്ചു. ഈ കത്ത് മുഖ്യമന്ത്രി പൂഴ്ത്തിവച്ചതാണോ? ജനാധിപത്യത്തെക്കുറിച്ച് പ്രധാനമന്ത്രി പ്രസംഗിക്കുമ്പോൾ നമ്മുടെ മുഖ്യമന്ത്രിമാർ അതിനെ കുളംതോണ്ടുകയാണോ? ഇതൊക്കെയാണ് ഇവിടെ നടക്കുന്നത്. ഇതെല്ലാം എന്റെ സംശയങ്ങളാണ്. ഇല്ലെങ്കിൽ പ്രധാനമന്ത്രിയുടെ കത്തിനെപ്പറ്റി പഞ്ചായത്തു വകുപ്പുമന്ത്രിക്ക് അറിയില്ലെങ്കിൽ മുഖ്യമന്ത്രി അത് പ്രസിതാവിക്കണം. രണ്ടുവർഷം കഴിഞ്ഞു. ഇനി ഇത് നീട്ടിക്കൊണ്ടുപോകാതെ തെരഞ്ഞെടുപ്പുകൾ ഉടനെ നടത്തണം. രാജീവ്ഗാന്ധി അന്നു പ്രസംഗിച്ചതെങ്കിലും പരാമർശിച്ചു കത്തു കിട്ടിയെങ്കിൽ കിട്ടി ഇല്ലെങ്കിൽ ഇല്ല, ശ്രീ. രാജീവ്ഗാന്ധി പ്രസംഗിച്ചത് ശരിയല്ലെങ്കിൽ ശരിയല്ല എന്നു പറഞ്ഞുകൊണ്ട് പഞ്ചായത്ത് ഇലക്ഷൻ നടത്താൻവേണ്ടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ഞാൻ പറയേണ്ടതെല്ലാം പറഞ്ഞു കഴിഞ്ഞിരിക്കുകയാണ്. അതേയവസരത്തിൽ തെരഞ്ഞെടുപ്പിനേതാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ള പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചു കഴിയുമ്പോഴേ തെരഞ്ഞെടുപ്പ് സ്വാഭാവികമായിട്ടും ഉണ്ടാകും, അതുകൊണ്ട് അതിനെപ്പറ്റിയൊന്നും കൂടുതൽ പറഞ്ഞറിയിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെ പറഞ്ഞു, 2 കൊല്ലമായി ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യം കൂടെയാണെന്ന്. അതേയവസരത്തിൽ ഈ ഗവൺമെൻറിന്റെ തീരുമാനം ഓരോ വില്ലേജിന്റെയും ബൗണ്ടറി അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്തും ഉണ്ടാകുന്നതാണ്. രേണപരമായ സൗകര്യമെന്ന നിലയിൽ ആ നടപടി തുടർന്നുകൊണ്ടിരിക്കുകയാണ്. (ബഹളം) ഞാൻ സംസാരിക്കുന്നതിന്റെ ഇടയിൽ നിങ്ങൾ സംസാരിച്ചാൽ നിങ്ങൾക്ക് അതുകൊണ്ടൊരു പ്രയോജനവും ഉണ്ടാകുകയില്ല. എനിക്ക് മറുപടി പറയാൻ കഴിയുകയുമില്ല. അപ്പോൾ ആ സാഹചര്യത്തിൽ ഓരോ വില്ലേജ് അടിസ്ഥാനത്തിൽ ആ ബൗണ്ടറി ഡിസ്റ്റിക്ഷൻ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അത് മുഴുവനും തീരാതെ തെരഞ്ഞെടുപ്പ് നടത്താൻ സാദ്ധ്യമല്ല എന്നു കൂടി ഞാനീയവസരത്തിൽ പറയുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ കത്തിനെക്കുറിച്ച് പറഞ്ഞു, അതിനെ സംബന്ധിച്ചിടത്തോളം എന്റെ കൈയിൽ കിട്ടുകയോ അല്ലെങ്കിൽ എന്റെ അറിവിൽപ്പെടുകയോ ചെയ്തിട്ടില്ല. അങ്ങനെയായിരുന്നെങ്കിൽ ഞാനീസഭയിൽ പറയുമായിരുന്നു.

IV റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമതു റിപ്പോർട്ട്

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, കാര്യോപദേശക സമിതിയുടെ 24-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) 1986-ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, 1986-ലെ ഗാന്ധിജി സർവ്വകലാശാലാ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപതാമതു റിപ്പോർട്ട്

ശ്രീ. എം.എം. ഹസ്സൻ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 29-ാം റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, കാര്യോപദേശകസമിതിയുടെ 24-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവകുപ്പുമന്ത്രി ശ്രീമതി എം. കമലം : സർ, ഞാൻ ഈ റിപ്പോർട്ടിനെ പിൻതാങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു)

LIBRARY ARCHIVES Kerala Legislative Assembly